LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം

96 (3832) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നിയമനം ലഭിച്ചവർ വർഷങ്ങളായി സർവ്വീസിൽ തുടരുന്നതായ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എസ്.സി. വഴി ഉദ്യോഗം ലഭിച്ച ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭിച്ച ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ആർ.ഡി.ഡി. പദവി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ ഏതാനും ഹയർ സെക്കണ്ടറി അദ്ധ്യാപകർ ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലും സർവ്വീസിൽ തുടരുന്നുണ്ട്.

(ബി) എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികകളിലേക്ക് ആദ്യമായി പി.എസ്.സി. വഴി നേരിട്ട് നിയമനം നടന്നത് 2005 ജനുവരി മുതലാണ്. ടി അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് ഇതുവരെ തയ്യാറാക്കിയിട്ടില്ല. എന്നാൽ തസ്തികമാറ്റം വഴി നിയമിതരായ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ അദ്ധ്യാപകരെ ഉൾപ്പെടുത്തിയിരിക്കുന്നത്. പി.എസ്.സി. വഴി നിയമിതരായ അദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ അദ്ധ്യാപകർ ആരും ഇല്ല.

(സി) ഉണ്ട്. ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.എസ്.റ്റി. സർവ്വീസ് റഗുലറൈസ് ചെയ്ത പ്രസ്തുത വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഡി. പദവി നൽകുകയും ചെയ്തിട്ടുണ്ട്.